"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും വസ്തു നികുതി പരിഷ്കരണം - ഭേദഗതി ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.264/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/11/2021

പരാമർശം:- 1. 27/04/2015 തീയതിയിലെ സ.ഉ.(എം.എസ്) നം. 144/2015/ തസ്വഭവ

2. കേരള ഫിലിം ചേമ്പർ ഓഫ് കൊമേഴ്സ് സമർപ്പിച്ച 22/06/2021 തീയതിയിലെ നിവേദനം

3 ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 18/08/2021ന് കൈക്കൊണ്ട യോഗതീരുമാനം.

ഉത്തരവ്

പരാമർശം (1) ഉത്തരവിലെ 3-ാം ഖണ്ഡികയിലെ ക്രമനമ്പർ 3 ൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100 % ൽ അധികരിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിരുന്നു. അപ്രകാരമുള്ള ആനുകൂല്യം സിനിമാ തീയറ്ററുകൾക്ക് ലഭ്യമാകുന്നില്ലെന്ന് പരാമർശം (2) പ്രകാരം സമർപ്പിച്ച നിവേദനത്തിൽ സൂചിപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത ഉത്തരവിലെ 3-ാം ഖണ്ഡികയിലെ 3-ാം ക്രമ നമ്പറിൽ സൂചിപ്പിച്ചിരിക്കുന്ന വാണിജ്യ വ്യവസായ കെട്ടിടങ്ങളിൽ സിനിമാതീയറ്ററുകളും ഉൾപ്പെടുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ ഡിവിഷൻ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 11-11-2021 13:11:39
Reason: Approved

സെക്ഷൻ ഓഫീസർ